വർഷം	ബഡ്ജറ്റ് പ്രൊവിഷനായി ലഭിച്ച തുക (കോടി രൂപയിൽ)	കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറിയ തുക(കോടി രൂപയിൽ)
2011-12	15	15
2012-13	100	100
2013-14	210	210
2014-15	200	200
2015-16 (നവംബർ 2015 വരെ)	250	110
ആകെ	775	635

(സി) ഉപയോഗിക്കുന്നില്ല.

കാരുണ്യ ചികിത്സാ ധനസഹായപദ്ധതി

135 (141) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാരുണ്യ ലോട്ടറിയുടെ വിറ്റ് വരവിൽ നിന്നും ഇതുവരെ എന്ത് തുക ലാഭമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ; ഇതിൽ എത്ര പേർ ധനസഹായത്തിന് അർഹരാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രോഗികൾക്ക് മുഴുവൻ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ടായിട്ടും ഇതുവരെ ആനുകൂല്യം ലഭിക്കാത്ത എത്ര രോഗികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽനിന്നും അറ്റാദായമായി 730.88 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, സമാശ്വാസ ചികിത്സാ ധനസഹായം, ഹീമോഫീലിയ എന്നീ വിഭാഗങ്ങളിലായി 1,43,183 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 2,453 അപേക്ഷകൾ നിരാകരിച്ചു. ബാക്കി 1,40,730 അപേക്ഷകൾ ധനസഹായത്തിന് അർഹതയുള്ളതാണ്.

(സി) കാരുണ്യ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹമായ 1,40,730 അപേക്ഷകളിൽ 54,839 രോഗികൾക്ക് മുഴുവൻ ധനസഹായവും 50,614 രോഗികൾക്ക് ഭാഗികമായി ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള ഏകദേശം 35,277 അപേക്ഷകൾ പരിശോധനയിലാണ്. മുഴുവൻ ധനസഹായവും ലഭ്യമായിട്ടുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി) പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള ഏകദേശം 35,277 അപേക്ഷകൾ പരിശോധനയിലാണ്.

കാരുണ്യ ബെനവലന്റ് ഫണ്ട്

136 (142) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ലോട്ടറിയുടെ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് എത്ര കോടി രൂപ ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ ;

(ബി) ഇതിൽനിന്നും ചികിത്സയ്ക്കായി എത്ര കോടി രൂപ എത്ര പേർക്ക് നൽകി ; ആയതുൾപ്പെടെ വരവ് ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് നൽകുമോ ;

(സി) കേരളത്തിലെ ഏതെല്ലാം സ്വകാര്യ ആശുപത്രികൾക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അക്രഡിറ്റേഷൻ ഉള്ളത്; ജില്ല തിരിച്ചുള്ള വിവരം നൽകുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.